I/758223/2024

"ഭരണഭാഷ-മാതൃഭാഷ"

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം :രഞ്ജൻ രാജ് ആർ.പി )**

വിഷയം : പൊതുവിദ്യാഭ്യാസം – ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ കോ-ഓർഡിനേറ്റർ/നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ/ഹെഡ് ക്ലാർക്ക് തസ്തികകളിലെ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :

1. ഉത്തരവ് നമ്പർ എസ് വൈ 2/47123/2008/ഡിപിഐ തീയതി 03-08-2009
2. ഉത്തരവ് നമ്പർ എസ് വൈ 2/39000/2010/ഡിപിഐ തീയതി 05-08-2015
3. ജി.ഒ(പി) നം.27/2021/ധന തീയതി 10-02-2021 ഉത്തരവ്.
4. ഉത്തരവ് നമ്പർ ഡി1/17174/2023/ഡിജിഇ തീയതി 05/04/2024
5. ഉത്തരവ് നമ്പർ എസ് വൈ 2/1448/2020/ഡിജിഇ തീയതി 11-03-2019
6. ഉത്തരവ് നമ്പർ എസ് വൈ 2/7480/2020/ഡിജിഇ തീയതി 11-03-2020
7. ഉത്തരവ് നമ്പർ എസ് വൈ 2/30800/2019/ഡിജിഇ തീയതി 28-06-2021
8. ഉത്തരവ് നമ്പർ സി5/9930/2023/ഡിജിഇ തീയതി 09-02-2024
9. ഉത്തരവ് നമ്പർ ഡി1/17174/2023/ഡിജിഇ തീയതി 04-05-2024

## ഉത്തരവ് നമ്പർ സി5/9930/2023/ഡിജിഇ തീയതി 20-05-2024

**ജൂനിയർ സൂപ്രണ്ട്/ നൂൺ മീൽ കോ-ഓർഡിനേറ്റർ/ നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥാനക്കയറ്റം**

KS&SSR 1958 ഭാഗം 31(A)(1) ചട്ടപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹെഡ് ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെയുള്ള ഓഫീസിലേയ്ക്ക് Rs.43,400-91,200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട്/_നൂൺ മീൽ കോ-ഓർഡിനേറ്റർ/ നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ചുവടെ പറയുന്ന ജീവനക്കാരെ നിയമിച്ച ഓഫീസുകളിൽ മുൻ വർഷത്തെ ഓൺലൈൻ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിട്ടുള്ള സീനിയർ അപേക്ഷകർ ഉണ്ടെങ്കിൽ ഈ നിയമനം തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം കഴിയുന്ന മുറയ്ക്ക് പുന:പരിശോധിക്കുന്നതും ആവശ്യമുള്ള പക്ഷം മാറ്റി നിയമിക്കുന്നതുമാണ്. ഈ ഓഫീസുകളിലെ ഒഴിവുകളിൽ ചുവടെ നിയമിക്കപെടുന്ന ജീവനക്കാർക്ക് യാതൊരു തരത്തിലുള്ള അവകാശവും ഉണ്ടായിരിക്കുന്നതല്ല.**

| ക്രമ നം | യു.ഡി റാങ്ക് നമ്പർ | പേര്, പെൻ, ഓഫീസ് | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവിന്റെ സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| | | ശ്രീ ഡെന്നിസ് എ.ആർ | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | 282/11-15 | 460360<br>ഹെഡ് ക്ലാർക്ക്<br>ജി.എച്.ടി.ടി.ഐ<br>രാമവർമ്മപുരം തൃശ്ശൂർ | 30-05-1974 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കോട്ടയം | **ബ്ലെസ്സി മോൾ കുറിയാച്ചൻ -ന്റെ സ്ഥാനക്കയറ്റം** | |
| 2 | 283/11-15 | ശ്രീ ഷെഹൻ വി ആർ 575020<br>ഹെഡ് ക്ലാർക്ക്<br>ജി വി രാജാ സ്പോർട്സ് സ്കൂൾ<br>തിരുവനന്തപുരം | 23/03/1975 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, പാലക്കാട് | **പി ബി സുധീർ -ന്റ സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്** | |
| 3 | 284/11-15 | റീജൻ എ മിറാണ്ട<br>സീനിയർ ക്ലാർക്ക്<br>പരീക്ഷ ഭവൻ<br>തിരുവനന്തപുരം | 05/05/1978 | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | **ശ്രീ അജിത് കുമാർ വി എസ് –ന്റെ സ്ഥാനക്കയറ്റം** | |
| 4 | 286/11-15 | ശ്രീ രാജേഷ് ബി<br>295375<br>സീനിയർ ക്ലാർക്ക്<br>വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കൊല്ലം | 25/04/1975 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, സുൽത്താൻ ബത്തേരി | **ടി പി ദിലീപ് കുമാർ -ന്റെ വിരമിക്കൽ ഒഴിവ്** | |
| 5 | 287/11-15 | സെയ്ദാലി<br>122602<br>ഹെഡ് ക്ലാർക്ക്<br>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,<br>മുക്കം | 15/05/1976 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം നെടുങ്കണ്ടം | **സജീവൻ കെ സി-യുടെ വിരമിക്കൽ ഒഴിവ്** | |

1. ടെക്സ്റ്റ് ബുക്ക് ഡിപ്പോ/ ടെക്സ്റ്റ് ബുക്ക് ഓഫീസിൽ പുന:വിന്യസിച്ചിരിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ ലാവണം അതാത് ടെക്സ്റ്റ് ബുക്ക് ഡിപ്പോ/ ടെക്സ്റ്റ് ബുക്ക് ഓഫീസ് ആണ്. ഇതുമായി ബന്ധപ്പെട്ട് മറ്റ് ഉത്തരവുകൾ ഉണ്ടാകുന്നത് വരെ ടി ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യേണ്ടത് അതാത് ടെക്സ്റ്റ് ബുക്ക് ഓഫീസ് മുഖാന്തിരമാണ്.
2. പുന:വിന്യസിക്കപ്പെട്ട ജൂനിയർ സൂപ്രണ്ടുമാർ ജോലിയിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുൻപാകെ ഹാജരാകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ടി ജൂനിയർ സൂപ്രണ്ടുമാരെ അതാത് ടെക്സ്റ്റ്ബുക്ക് ഡിപ്പോകളിൽ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും തുടർന്ന് അവരുടെ സേവനം പുനഃവിന്യസിച്ചിട്ടുള്ള ഓഫീസുകളിൽ ജോലിയിൽ ഹാജരാകുന്നതിനായി അതേ തീയതിയിൽ തന്നെ ടെക്സ്റ്റ് ബുക്ക് ഡിപ്പോ/ ടെക്സ്റ്റ് ബുക്ക് ഓഫീസിൽ നിന്നും വിടുതൽ ചെയ്ത് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുൻപാകെ ജോലിക്ക് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
3. ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ കോ- ഓർഡിനേറ്റർ/നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ/ഹെഡ് ക്ലാർക്ക് തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷ കാലയളവിലെ ഒരു വർഷക്കാലം നിരീക്ഷണ കാലയളവിലായിരിക്കും.
4. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യുവാൻ ബന്ധപ്പെട്ട ഓഫീസ് മേലധികാരിയെ ചുമതലപ്പെടുത്തുന്നു. ടി ജീവനക്കാർ വിടുതൽ ചെയ്ത/ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ കോ- ഓർഡിനേറ്റർ/നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ/ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ കണ്ടെത്തുന്ന പക്ഷം ഉചിതമായ മാറ്റം വരുത്തുന്നതാണ്.
6. ഹെഡ്ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ കോ-

I/758223/2024

ഓർഡിനേറ്റർ/നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ എന്നീ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഹെഡ്ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം മാത്രമേ പരിഗണിക്കൂ.

7. ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ കോ- ഓർഡിനേറ്റർ/നൂൺ മീൽ ഓഫീസർ/സ്റ്റോർ കീപ്പർ/ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം തികച്ചും താൽക്കാലികമാണ്.
8. സ്ഥാനക്കയറ്റ/സ്ഥലംമാറ്റ ഉത്തരവ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.education.kerala.gov.in - ൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിപരമായ അറിയിപ്പുകൾ ഉണ്ടാകുന്നതല്ല. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് ഡൌൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് വിതരണം ചെയ്യുവാൻ കൺട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നു. ആയത് പ്രകാരം ടി ജീവനക്കാരെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുവാനും സേവനത്തിൽ പ്രവേശിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

Signed by
RANJAN RAJ R P
Date: 20-05-2024 15:29:04

രഞ്ജൻ രാജ് ആർ പി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ് :

എല്ലാ കൺട്രോളിംഗ് ഓഫീസർമാർക്കും ( www.education.kerala.gov.in മുഖേന )

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ. മുഖേന)
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ & അക്കാഡമിക് )(സി.എ. മുഖേന)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ(സി.എ. മുഖേന)
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്( ജനറൽ)
5. ജോയിന്റ് കമ്മീഷണർ, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
6. ടെക്സ്റ്റ് ബുക്ക് ഓഫീസർ തിരുവനന്തപുരം
7. സൂപ്രണ്ട് ഡി, സീനിയോറിറ്റി, എസ് പി & റ്റി, കെ സെക്ഷനുകൾ
8. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
9. കരുതൽ ഫയൽ